## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 761** 29.11.2018 -ൽ മറുപടിയ്ക്ക്

### കുട്ടനാട്ടിൽ കായൽ മേഖലയിലെ വിനോദസഞ്ചാര സാദ്ധ്യതകൾ

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി : | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| ആറുകളും കായലുകളും തുരുത്തുകളും കൂടുതലായുള്ള കുട്ടനാട് മണ്ഡലത്തിൽ കായൽ മേഖലയിലെ വിനോദസഞ്ചാര വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഉണ്ട്. ചുങ്കം തിരുമല വാർഡിൽ പോലീസ് സ്റ്റേഷന് മുൻഭാഗത്ത് നിന്നും വടക്ക് ഭാഗത്തേയ്ക്ക് 400 മീറ്റർ കായലോരം ഭംഗിയാക്കാനും, നടവഴികൾ ആധുനിക രീതിയുള്ളതാക്കുവാനും , പുര വഞ്ചികളിൽ യാത്രക്കാരെ സുഗമമായി കയറ്റിയിറക്കുവാനുമായി " Improvements to Road by the side of Pamba river to Facilitiate House Boat Parking at Chungam-Thirumala in Alappuzha Municipality" എന്ന പദ്ധതിക്ക് 18/5/2018-ൽ 97 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ എന്ന ഏജൻസി മുഖേനയാണ് ഈ പ്രവർത്തികൾ നടത്തി വരുന്നത്. കുട്ടനാട്ടുമായി ബന്ധപ്പെട്ടുത്തി കൈനകരി , നെടുമുടി പഞ്ചായത്തുകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ രൂപകൽപനയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ